## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.898** | **04.03.2020-ൽ മറുപടിക്ക്**

## സ്വകാര്യ മേഖലയിലെ ശമ്പള വിശദാംശങ്ങൾ തൊഴിൽ വകുപ്പ് വെബ് സൈറ്റിൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോജി എം. ജോൺ : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ വിഭാഗങ്ങളിലെ ജീവനക്കാരുടെ ശമ്പള വിശദാംശങ്ങൾ തൊഴിൽ വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യണമെന്ന നിബന്ധന ഹൈക്കോടതി ശരിവച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | അനന്തരനടപടികൾക്കായി ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) സ്വകാര്യ മേഖലയിലെ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി നൽകണമെന്ന നിയമവ്യവസ്ഥ കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോയെന്നറിയിക്കുമോ? | (സി) | റദ്ദ് ചെയ്തിട്ടില്ല. വേജ് പ്രൊട്ടക്ഷൻ സിസ്റ്റവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട വിവിധ റിട്ട് അപ്പീലുകളിൽ 23.1.2020-ൽ പുറപ്പെടുവിച്ച പൊതുവിധിന്യായ പ്രകാരം തൊഴിലാളികളുടെ ശമ്പള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച Form XIV അപ് ലോഡ് ചെയ്യുന്നതിന് തൊഴിലുടമകൾക്ക് 3 മാസം സമയം അനുവദിച്ചിട്ടുണ്ട്. നിലവിൽ അക്കൗണ്ട് നമ്പർ നൽകാത്ത തൊഴിലാളികളുടെ കാര്യത്തിൽ അക്കൗണ്ട് നമ്പർ ഇല്ലാതെയും Form XIV അപ് ലോഡ് ചെയ്യാവുന്നതാണെന്നും ബാങ്ക് അക്കൗണ്ട് മുഖേനയോ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം |

മുഖേനയോ മാത്രം വേതന വിതരണം നടത്തണമെന്ന് നിർബന്ധിക്കാൻ പാടില്ലാത്തതാണെന്നും കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ 2015-ലെ മിനിമം വേതന (ഭേദഗതി) ചട്ടം 21A (2) പ്രകാരം ബാങ്ക് അക്കൗണ്ട് മുഖേന മാത്രമേ വേതനം നൽകാവൂ എന്ന ഭേദഗതി ultravires ആണെന്നും കോടതി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.